പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2335 14.06.2019 ലെ മറുപടിക്ക്

**കയർ വ്യവസായത്തിന്റെ വൈവിധ്യവൽക്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർ വ്യവസായത്തിന്റെ വൈവിധ്യവൽക്കരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്; വിശദവിവരം നൽകുമോ | എ) കയർ വ്യവസായത്തിന്റെ വൈവിധ്യവൽക്കരണവുമായി ബന്ധപ്പെട്ട് പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉല്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് കയർ മേഖലയിലെ രണ്ടാം പുന:സംഘടന. പരമ്പരാഗത രീതിയിൽ ചകിരി ഉല്പാദനത്തിൽ ഏർപ്പെട്ടിരുന്ന കയർ സഹകരണ സംഘങ്ങളിൽ ഡിഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുക വഴി ചകിരി ഉല്പാദനം ഗണ്യമായ തോതിൽ വർദ്ധിക്കുകയും ടി സംഘങ്ങൾ ചകിരിയുടെ കാര്യത്തിൽ സ്വയം പര്യാപ്തമാവുകയും ചെയ്തിട്ടുണ്ട്. കൂടാതെ കയർപിരി മേഖലയിൽ പരമ്പരാഗത റാട്ടുകൾക്കു പകരം ഇലക്ട്രോണിക് റാട്ടുകൾ/ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷിനുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കയർ ഉല്പന്ന വൈവിദ്ധ്യവത്ക്കരണത്തിൽ, യന്ത്ര വൽക്കരണ പദ്ധതിയിൽ കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡ്സ്, കയർ അക്വസ്റ്റിക്സ് പാനൽസ് എന്നിങ്ങനെയുള്ള ഉല്പന്നങ്ങളുടെ നിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകുന്നത്. ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലി.-ന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പോസിറ്റ് ബോർഡുകൾ നിർമ്മിക്കുന്ന ഫാക്ടറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| | എൻ.സി.ആർ.എം.ഐ കയർ അക്വാസ്റ്റിക്സ് പാനലുകളുടെ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ ചകിരിച്ചോറിൽ നിന്നും കുറഞ്ഞ കാലയളവിൽ ജൈവവളം നിർമ്മിക്കുന്ന സാങ്കേതിക വിദ്യയും വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് തൃശ്ശൂർ, വൈക്കം എന്നീ പ്രോജക്ടുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) ഇതിന്റെ ഭാഗമായി കയർതൊഴിലാളികൾക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്? | ബി) കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി ചകിരിയുടേയും, കയറിന്റെയും കയറുല്പന്നങ്ങളുടേയും ഉല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി സ്ഥാപിക്കപ്പെട്ട 75 ഡീഫൈബറിംഗ് മില്ലുകളിൽ പ്രതിദിനം 8000 വീതം 600000 തൊണ്ടിൽ നിന്നും ചകിരിയും ഉപ ഉല്പന്നങ്ങളും ഉല്പാദിപ്പിക്കുന്നതിനുള്ള ശേഷിയുണ്ട്. ഇപ്രകാരം 600000 തൊണ്ടിൽ നിന്നും പ്രതിദിനം 420 കി.ചകിരിയും 1500 കി. കയർപിത്തും 450 കി. മിനിഫൈബറും ഉല്പാദിപ്പിക്കാവുന്നതാണ്. കയർഫെഡ് സംഭരിച്ച കയറിന്റെ അളവിൽ 99.55 ശതമാനം വർദ്ധനവും കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ സംഭരിച്ചിട്ടുള്ള കയർ ഉൽപ്പന്നങ്ങളുടെ അളവിൽ 30 ശതമാനം വർദ്ധനവും ഉണ്ടായിട്ടുണ്ട്. തന്മൂലം കയർ മേഖലയിലെ തൊഴിലാളികളുടെ പ്രവർത്തിദിനങ്ങൾ കൂടുകയും ആളോഹരി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികളുടെ കൂലി പ്രതിദിനം 300 രൂപയിൽ നിന്നും 350 രൂപയാക്കി 01.01.2019 മുതൽ ഉയർത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ വിഹിതമായി ഇൻകം സപ്പോർട്ട് പദ്ധതിയിൽപ്പെടുത്തി 2017-18 സാമ്പത്തിക വർഷം 15.07 കോടി രൂപ നൽകിയിരുന്ന സ്ഥാനത്ത് 2018-19 സാമ്പത്തിക വർഷം 22..64 കോടി രൂപ നൽകുന്നതിനും സാധിച്ചു. |

സെക്ഷൻ ഓഫീസർ